**മധുരമായ കുട്ടികളേ– ആജ്ഞാപിക്കൂ ഹേ ഭൂതങ്ങളേ നിങ്ങൾക്ക് എന്റെ അടുത്തേയ്ക്ക് വരാൻ സാധിക്കില്ല, നിങ്ങൾ അവയെ പേടിപ്പിക്കൂ എങ്കിൽ അവ ഓടിപ്പോയ്ക്കോളും.**

**ചോദ്യം–** ഈശ്വരീയ ലഹരിയിൽ കഴിയുന്ന കുട്ടികളുടെ ജീവിതത്തിന്റെ ശോഭ എന്താണ്?
**ഉത്തരം–** സേവനം തന്നെയാണ് അവരുടെ ജീവിതത്തിന്റെ ശോഭ. എനിക്ക് ഈശ്വരീയ ലോട്ടറി ലഭിച്ചിരിക്കുന്നു എന്ന ലഹരിയുണ്ടെങ്കിൽ സേവനം ചെയ്യുന്നതിനും താല്പര്യമുണ്ടാകണം. പക്ഷേ എപ്പോഴാണോ ഉള്ളിൽ ഒരു ഭൂതവും ഇല്ലാതാകുന്നത് അപ്പോഴേ ലക്ഷ്യത്തിൽ അമ്പ് തറയ്ക്കൂ.

**ചോദ്യം–** ശിവബാബയുടെ കുട്ടിയാണ് എന്ന് പറയാൻ അർഹതപ്പെട്ടവർ ആരാണ്?
**ഉത്തരം–** ആർക്കാണോ നിശ്ചയമുള്ളത് അതായത് ഭഗവാൻ നമ്മുടെ അച്ഛനാണ്, നമ്മൾ ഇങ്ങനെയുള്ള ഉയർന്നതിലും ഉയർന്ന അച്ഛന്റെ കുട്ടികളാണ്, ഇങ്ങനെയുള്ള ലഹരിയിൽ കഴിയുന്ന യോഗ്യരായ കുട്ടികൾക്കാണ് ശിവബാബയുടെ കുട്ടികളാണ് എന്ന് പറയുന്നതിനുള്ള അർഹതയുള്ളത്. അഥവാ സ്വഭാവം നല്ലതല്ലെങ്കിൽ, പെരുമാറ്റം കുലീനമല്ലെങ്കിൽ അവർ ശിവബാബയുടെ കുട്ടിയാണ് എന്ന് പറയാൻ സാധിക്കില്ല.

**ഓംശാന്തി**. ശിവബാബയെ ഓർമ്മയുണ്ടോ? സ്വർഗ്ഗത്തിലെ രാജധാനി ഓർമ്മയുണ്ടോ? ഇവിടെ ഇരിക്കുന്ന സമയത്ത് ബുദ്ധിയിൽ ഓർമ്മ വരണം– നമ്മൾ പരിധിയില്ലാത്ത അച്ഛന്റെ കുട്ടികളാണ് മാത്രമല്ല നിത്യവും ബാബയെ ഓർമ്മിക്കുന്നുണ്ട്. ഓർമ്മിക്കാതെ നമുക്ക് സമ്പത്ത് എടുക്കാൻ സാധിക്കില്ല. എങ്ങനെയുള്ള സമ്പത്താണ്? പവിത്രതയുടെ. അതുകൊണ്ട് പവിത്രതയ്ക്കായി ഇങ്ങനെയുള്ള പുരുഷാർത്ഥം ചെയ്യണം. ഒരിയ്ക്കലും ഒരു വികാരത്തിനും നമ്മുടെ മുന്നിൽ വരാൻ സാധിക്കില്ല. കേവലം വികാരത്തിന്റെ കാര്യം മാത്രമല്ല. ഒരു ഭൂതമല്ല ഏതൊരു ഭൂതത്തിനും വരാൻ സാധിക്കില്ല. ഇങ്ങനെയുള്ള ശുദ്ധമായ അഹങ്കാരം വേണം. വളരെ ഉയർന്നതിലും ഉയർന്ന ഭഗവാന്റെ കുട്ടികളായ നമ്മളും ഉയർന്നതിലും ഉയർന്നതല്ലേ. സംസാരവും, പെരുമാറ്റവും എത്ര കുലീനമായിരിക്കണം. ബാബ പെരുമാറ്റത്തിൽ നിന്നു തന്നെ മനസ്സിലാക്കും ഇവർ കാൽകാശിന് കൊള്ളാത്തതാണെന്ന്. എന്റെ കുട്ടിയാണ് എന്ന് പറയുന്നതിനും അർഹതയില്ല. ലൗകിക പിതാവിനും അയോഗ്യരായ മക്കളെ കാണുമ്പോൾ ഉള്ളിൽ ഇങ്ങനെ തോന്നും. ബാബയും അച്ഛനാണ്. കുട്ടികൾക്ക് അറിയാം ബാബ നമുക്ക് പഠിപ്പ് നൽകുകയാണ് പക്ഷേ ചിലർ ഇങ്ങനെയുമുണ്ട് ഒട്ടും മനസ്സിലാക്കുന്നില്ല. പരിധിയില്ലാത്ത ബാബ നമുക്ക് മനസ്സിലാക്കിത്തരുകയാണ് എന്ന നിശ്ചയമില്ല, ലഹരിയില്ല. നിങ്ങൾ കുട്ടികളുടെ ബുദ്ധി എത്ര ശ്രേഷ്ഠമായിരിക്കണം. നമ്മൾ എത്ര ശ്രേഷ്ഠനായ അച്ഛന്റെ മക്കളാണ്. ബാബ എത്ര മനസ്സിലാക്കിത്തരുന്നു. ഉള്ളിൽ ചിന്തിക്കൂ നമ്മൾ എത്ര ഉയർന്നതിലും ഉയർന്ന ബാബയുടെ കുട്ടികളാണ്, നമ്മുടെ സ്വഭാവം എത്ര ശ്രേഷ്ഠമായിരിക്കണം. എന്താണോ ഈ ദേവീ ദേവതകൾക്കുള്ള മഹിമ അത് നമ്മുടേതായിരിക്കണം. പ്രജകൾക്ക് മഹിമ ഉണ്ടാകുമോ. ഒരു ലക്ഷ്മീ നാരായണനെയാണ് കാണിച്ചിരിക്കുന്നത്. എങ്കിൽ കുട്ടികൾ എത്ര നല്ല സേവനം ചെയ്യണം. ഈ ലക്ഷ്മീ നാരായണന്മാർ രണ്ടുപേരും ഈ സേവനം ചെയ്തിട്ടുണ്ടല്ലോ. ബുദ്ധി എത്ര ഉയർന്നതായിരിക്കണം. ചില കുട്ടികളിൽ ഒരു വ്യത്യാസവുമില്ല. മായയിൽ നിന്നും തോൽവി ഏറ്റുവാങ്ങിയാൽ വീണ്ടും മോശമാകുന്നു. ഇല്ലെങ്കിൽ ഉള്ളിൽ എത്ര ലഹരിയുണ്ടാവണം. നമ്മൾ പരിധിയില്ലാത്ത ബാബയുടെ കുട്ടികളാണ്. ബാബ പറയുന്നു എല്ലാവർക്കും എന്റെ പരിചയം നൽകിക്കൊണ്ടിരിക്കൂ. സേവനത്തിലൂടെയേ ശോഭ ഉണ്ടാകൂ, അപ്പോഴേ ബാബയുടെ ഹൃദയത്തിൽ സ്ഥാനമുണ്ടാകൂ. ബാബയുടെ ഹൃദയത്തിൽ സ്ഥാനമുള്ളവരാണ് യഥാർത്ഥ കുട്ടികൾ. അച്ഛന് കുട്ടികളോട് എത്ര സ്നേഹമാണ്. കുട്ടികളെ ശിരസ്സിൽ എടുത്തുവെയ്ക്കുന്നു. ഇത്രയും മോഹമുണ്ടാകും പക്ഷേ അത് പരിധിയുള്ള മായാവീ മോഹമാണ്. എന്നാൽ ഇത് പരിധിയില്ലാത്തതാണ്. കുട്ടികളെ കണ്ട് സന്തോഷിക്കാത്ത ഏതെങ്കിലും അച്ഛൻ ഉണ്ടാകുമോ. മാതാ പിതാക്കൾക്ക് അളവില്ലാത്ത സന്തോഷമുണ്ടാകുന്നു. ഇവിടെ ഇരിക്കുന്ന സമയത്ത് മനസ്സിലാക്കണം ബാബ നമ്മെ പഠിപ്പിക്കുകയാണ്. ബാബ നമ്മുടെ അനുസരണയുള്ള ടീച്ചറാണ്. പരിധിയില്ലാത്ത ബാബ തീർച്ചയായും എന്തെങ്കിലും സേവനം ചെയ്തിട്ടുണ്ടാകും അതുകൊണ്ടല്ലേ മഹിമ പാടുന്നത്. എത്ര അത്ഭുതകരമായ കാര്യമാണ്. ബാബയ്ക്ക് എത്ര മഹിമ പാടുന്നു. ഇവിടെ ഇരിക്കുമ്പോൾ ബുദ്ധിയിൽ ലഹരിയുണ്ടായിരിക്കണം. സന്യാസിമാർ നിവൃത്തി മാർഗ്ഗത്തിലുള്ളവരാണ്. അവരുടെ ധർമ്മം തന്നെ വേറെയാണ്. ഇതും ഇപ്പോൾ ബാബ മനസ്സിലാക്കിത്തരുകയാണ്. നിങ്ങൾക്ക് സന്യാസി മാർഗ്ഗം എന്താണെന്ന് അറിയുമായിരുന്നോ. നിങ്ങൾ ഗൃഹസ്ഥാശ്രമത്തിൽ വസിച്ച് ഭക്തി മുതലായവ ചെയ്യുമായിരുന്നു, നിങ്ങൾക്ക് പിന്നീട് ജ്ഞാനം ലഭിച്ചു, അവർക്ക് ജ്ഞാനം ലഭിക്കേണ്ടതില്ല. നിങ്ങൾ എത്ര ഉയർന്ന പഠിപ്പാണ് പഠിക്കു

ന്നത് പക്ഷേ എത്ര സാധാരണമായാണ് താഴെ ഇരിക്കുന്നത്. ദിൽവാഡാ ക്ഷേത്രത്തിലും നിങ്ങൾ താഴെ ഇരുന്ന് തപസ്യ ചെയ്യുകയാണ്, മുകളിൽ വൈകുണ്ഠം നിൽക്കുന്നുണ്ട്. മുകളിൽ വൈകുണ്ഠം കാണുമ്പോൾ മനുഷ്യർ കരുതുന്നു സ്വർഗ്ഗം മുകളിലാണെന്ന്.

അതിനാൽ നിങ്ങൾ കുട്ടികളുടെ ഉള്ളിൽ ഈ മുഴുവൻ കാര്യങ്ങളും വരണം അതായത് ഇത് സ്ക്കൂളാണ്. നമ്മൾ പഠിക്കുകയാണ്. എവിടെ ചുറ്റിക്കറങ്ങാൻ പോയാലും ഈ ചിന്തകൾ നടക്കുകയാണെങ്കിൽ വളരെ അധികം രസം തോന്നും. പരിധിയില്ലാത്ത ബാബയെ ലോകത്തിലെ മറ്റാർക്കും അറിയില്ല. ബാബയുടെ കുട്ടിയായിട്ട് ബാബയുടെ ചരിത്രത്തെ അറിയാതിരിക്കുക, ഇങ്ങനെയുള്ള വിഡ്ഢികളെ എവിടെയെങ്കിലും കണ്ടിട്ടുണ്ടോ. അറിയാത്തതു കാരണം സർവ്വവ്യാപി എന്നു പറയുന്നു. ഭഗവാനെയാണ് പറയുന്നത് അങ്ങുതന്നെയാണ് പൂജ്യൻ, അങ്ങുതന്നെ പൂജാരിയും. നിങ്ങൾ കുട്ടികൾക്ക് ഉള്ളിൽ എത്ര സന്തോഷം ഉണ്ടാകണം– നമ്മൾ എത്ര ശ്രേഷ്ഠവും പൂജ്യരുമായിരുന്നു. പിന്നീട് നമ്മൾ തന്നെയാണ് പൂജാരിയായി മാറുന്നത്. നിങ്ങളെ ഇത്രയും ഉയർന്നവരാക്കി മാറ്റുന്ന ശിവബാബയുടെ പൂജ പിന്നീട് ഡ്രാമാനുസരണം നിങ്ങൾ തന്നെയാണ് ആരംഭിക്കുന്നത്. ഈ കാര്യങ്ങളെല്ലാം അതായത് ഭക്തി എപ്പോഴാണ് ആരംഭിച്ചത് എന്നതെല്ലാം ലോകർ അറിയുന്നുണ്ടോ. ബാബ നിങ്ങൾ കുട്ടികൾക്ക് ദിവസവും മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു, ഇവിടെ ഇരിക്കുകയാണെങ്കിൽ ഉള്ളിൽ സന്തോഷം ഉണ്ടാകേണ്ടേ. നമ്മളെ ആരാണ് പഠിപ്പിക്കുന്നത്! ഭഗവാൻ വന്ന് പഠിപ്പിക്കുന്നു– ഇങ്ങനെ ഒരിയ്ക്കലും കേട്ടിട്ടുപോലുമുണ്ടാകില്ല. അവർ കരുതുന്നത് ഗീതയുടെ ഭഗവാൻ കൃഷ്ണനാണ് അതിനാൽ കൃഷ്ണൻ തന്നെയായിരിക്കും പഠിപ്പിച്ചത് എന്നാണ്. ശരി, കൃഷ്ണനാണ് എന്നുതന്നെ കരുതിക്കോളു എങ്കിലും എത്ര ഉയർന്ന അവസ്ഥ ഉണ്ടാവണം. മനുഷ്യ മതവും ഈശ്വരീയ മതവും എന്ന ഒരു പുസ്തകവുമുണ്ട്. ദേവതകൾക്ക് മതം സ്വീകരിക്കേണ്ട ആവശ്യമേയില്ല. മനുഷ്യർ ഈശ്വരനിൽ നിന്നുള്ള മതമാണ് ആഗ്രഹിക്കുന്നത്. ദേവതകൾക്ക് മതം ലഭിച്ചത് അതിന് മുമ്പുള്ള ജന്മത്തിലാണ് അതിലൂടെയാണ് അവർ ഈ ഉയർന്ന പദവി പ്രാപ്തമാക്കിയത്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ശ്രേഷ്ഠമായി മാറുന്നതിനായി ശ്രീമതം ലഭിക്കുകയാണ്. ഈശ്വരീയ മതവും മനുഷ്യ മതവും തമ്മിൽ എത്ര വ്യത്യാസമാണ്. മനുഷ്യമതം എന്താണ് പറയുന്നത്, ഈശ്വരീയ മതം എന്താണ് പറയുന്നത്. അതിനാൽ തീർച്ചയായും ഈശ്വരീയ മതം അനുസരിച്ച് നടക്കേണ്ടേ. ആരേയെങ്കിലും കാണാൻ പോവുകയാണെങ്കിൽ ഒന്നും കൊണ്ടുപോകുന്നില്ല. ആർക്ക് എന്ത് സമ്മാനം നൽകണം എന്നത് ഓർമ്മയില്ല. മനുഷ്യമതവും ഈശ്വരീയ മതവും തമ്മിലുള്ള ഈ വ്യത്യാസം വളരെ അനിവാര്യമാണ്. നിങ്ങൾ മനുഷ്യരായിരുന്നപ്പോൾ ആസുരീയ മതത്തിലായിരുന്നു ഇപ്പോൾ ഈശ്വരീയ മതം ലഭിച്ചുകൊണ്ടിരിക്കുകയാണ്. അതിൽ എത്ര വ്യത്യാസമാണ്. ഈ ശാസ്ത്രങ്ങളെല്ലാം മനുഷ്യർ തന്നെ നിർമ്മിച്ചതാണ്. ബാബ ഏതെങ്കിലും ശാസ്ത്രങ്ങൾ പഠിച്ചിട്ടാണോ വരുന്നത്? ബാബ പറയുന്നു ഞാൻ എന്താ ഏതെങ്കിലും അച്ഛന്റെ കുട്ടിയാണോ? ആരിൽ നിന്നെങ്കിലും പഠിക്കാൻ എന്താ ഞാൻ ഏതെങ്കിലും ഗുരുവിന്റെ ശിഷ്യനാണോ? അതിനാൽ ഈ കാര്യങ്ങൾ എല്ലാം മനസ്സിലാക്കിക്കൊടുക്കണം. കുരങ്ങിന്റെ ബുദ്ധിയാണെന്ന് അറിയാം എങ്കിലും ക്ഷേത്രത്തിൽ ഇരിക്കുന്നതിന് യോഗ്യരാക്കി മാറ്റുന്നയാളും കൂടെയുണ്ടല്ലോ. ഇങ്ങനെ ഒരുപാടുപേർ മനുഷ്യ മതമനുസരിച്ച് നടക്കുന്നുണ്ട്, പിന്നീട് ഈശ്വരീയ മതത്തിലൂടെ നടക്കുമ്പോൾ നമ്മൾ എന്തായി മാറും എന്നത് നിങ്ങൾ അവരെ കേൾപ്പിക്കുന്നു, ആ ഈശ്വരൻ നമ്മെ പഠിപ്പിക്കുന്നു. ഭഗവാന്റെ വാക്കുകളാണ്, നമ്മൾ ഭഗവാനിൽ നിന്ന് പഠിക്കാനാണ് പോകുന്നത്. നമ്മൾ ദിവസവും 1 മണിക്കൂർ മുക്കാൽ മണിക്കൂർ പോയി പഠിക്കുന്നു. ക്ലാസിന് അധികം നേരമെടുക്കാനും പാടില്ല. ഓർമ്മയുടെ യാത്ര നടക്കുമ്പോഴും കറങ്ങുമ്പോഴും ചെയ്യാൻ പറ്റും. ജ്ഞാനം, യോഗം ഇവ രണ്ടും വളരെ സഹജമാണ്. അല്ലാഹു എന്നത് ഒരൊറ്റ വാക്കാണ്. ഭക്തിമാർഗ്ഗത്തിൽ അനേകം ശാസ്ത്രങ്ങളുണ്ട്, എല്ലാം ഒന്നിച്ച് കൂട്ടിവെച്ചാൽ വീട് ശാസ്ത്രങ്ങളാൽ നിറയും. ഇതിൽ എത്ര ചിലവ് ചെയ്തിട്ടുണ്ടാകും. ഇപ്പോൾ ബാബ വളരെ സഹജമായത് പറഞ്ഞുതരുന്നു. കേവലം ബാബയെ ഓർമ്മിക്കു. എങ്കിൽ ബാബയിൽ നിന്നുള്ള സമ്പത്താണ് സ്വർഗ്ഗത്തിലെ ചക്രവർത്തീ പദവി. നിങ്ങൾ വിശ്വത്തിന്റെ അധികാരികളായിരുന്നില്ലേ. ഭാരതം സ്വർഗ്ഗമായിരുന്നല്ലോ. എന്താ നിങ്ങൾ എല്ലാം മറന്നുപോയോ? ഇതിനെയും ഡ്രാമയുടെ ഭാവി എന്നാണ് പറയുന്നത്. ഇപ്പോൾ ബാബ വന്നിരിക്കുകയാണ്. ഓരോ 5000 വർഷങ്ങൾക്കും ശേഷം പഠിപ്പിക്കാനായി വരും. പരിധിയില്ലാത്ത ബാബയിൽ നിന്നും ലഭിക്കുന്ന സമ്പത്ത് തീർച്ചയായും സ്വർഗ്ഗം അഥവാ പുതിയ ലോകമായിരിക്കും. ഇത് വളരെ സഹജമായ കാര്യമാണ്. ലക്ഷക്കണക്കിന് വർഷം എന്ന് പറഞ്ഞത് ബുദ്ധിയെ പൂട്ടിയതുപോലെയാണ്. പൂട്ട് തുറക്കുന്നേയില്ല. ഇത്രയും സഹജമായ കാര്യം പോലും മനസ്സിലാക്കുന്നില്ല അത്തരത്തിലാണ് പൂട്ടപ്പെട്ടിരിക്കുന്നത്. ബാബ ഒരേ ഒരു കാര്യമേ മനസ്സിലാക്കിത്തരുന്നുള്ളു. കൂടുതൽ ഒന്നും പഠിക്കേണ്ട ആവശ്യമില്ല. ഇവിടെ നിങ്ങൾക്ക് ആരെവേണമെങ്കിലും ഒരു സെക്കന്റുകൊണ്ട് സ്വർഗ്ഗവാസിയാക്കി മാറ്റാൻ സാധിക്കും. പക്ഷേ ഇത് സ്ക്കൂളാണ്, അതുകൊണ്ട് നിങ്ങളുടെ പഠിപ്പ് നടന്നുകൊണ്ടേയിരിക്കും. ജ്ഞാനസാഗരനായ ബാബ നിങ്ങൾക്ക് ഇത്രയും ജ്ഞാനം നൽകുക

യാണ് അത് സാഗരത്തെ മഷിയാക്കിയാലും മുഴുവൻ വനത്തിലെ വൃക്ഷങ്ങളെ പേനയാക്കിയാലും എഴുതിത്തീരില്ല. ജ്ഞാനത്തെ ധാരണ ചെയ്ത് എത്ര സമയമായി. ഭക്തിയാണെങ്കിൽ അരകല്പമായി. ജ്ഞാനം നിങ്ങൾക്ക് ഒരു ജന്മത്തിലാണ് ലഭിക്കുന്നത്. ബാബ നിങ്ങളെ പഠിപ്പിക്കുകയാണ് പുതിയ ലോകത്തിനുവേണ്ടി. ആ പരിധിയുള്ള സ്ക്കൂളിൽ നിങ്ങൾ എത്ര സമയം പഠിക്കുന്നു. 5 വയസ്സ് മുതൽ 20–22 വയസ്സ് വരെ പഠിച്ചുകൊണ്ടിരിക്കുന്നു. സമ്പാദ്യം കുറവും ചിലവ് കൂടുതലുമായാൽ നഷ്ടം ഉണ്ടാകില്ലേ.

ബാബ എത്ര ധനവാനാക്കി മാറ്റുന്നു എന്നിട്ടും വീണ്ടും പാപ്പരായി മാറുന്നു. നോക്കൂ ഇപ്പോൾ ഭാരതത്തിന്റെ അവസ്ഥ എന്താണെന്ന്. ഉറപ്പിച്ച് മനസ്സിലാക്കിക്കൊടുക്കണം. മാതാക്കൾ എഴുന്നേറ്റുനിൽക്കണം. വന്ദേ മാതരം എന്നത് നിങ്ങളെക്കുറിച്ചുള്ള പാട്ടുതന്നെയാണ്. ഭൂമിയെ വന്ദേമാതരം എന്ന് പറയാറില്ല. വന്ദേമാതരം എന്ന് മനുഷ്യരെയാണ് പറയുന്നത്. ബന്ധനമുക്തരായിട്ടുള്ള കുട്ടികൾ ആരാണോ അവരാണ് ഈ സേവനം ചെയ്യുന്നത്. അവർ കല്പം മുമ്പ് എങ്ങനെ ബന്ധനമുക്തമായോ അതുപോലെ ബന്ധനമുക്തമായിക്കൊണ്ടിരിക്കുന്നു. അബലകൾക്കുമേൽ എത്ര അത്യാചാരമുണ്ടാകുന്നു. ബാബയെ ലഭിച്ചു എന്നു മനസ്സിലാക്കുന്നു അതിനാൽ ഇപ്പോൾ ബാബയുടെ സേവനം ചെയ്യണം എന്നു കരുതുന്നു. ബന്ധനമാണ് എന്ന് പറയുന്നവർ പാവം ആട്ടിൻകുട്ടികളാണ്. നിങ്ങൾ ഈശ്വരീയ സേവനം ചെയ്യരുത് എന്നൊന്നും ഗവൺമെന്റിന് ഒരിക്കലും പറയാൻ കഴിയില്ല. സംസാരിക്കുന്നതിന് ധൈര്യം വേണമല്ലോ. ആരിലാണോ ജ്ഞാനമുള്ളത് അവർക്ക് ഇതുകൊണ്ടുതന്നെ സഹജമായി ബന്ധനമുക്തമാകാൻ സാധിക്കും. ജഡ്ജിക്കും മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും– ഞങ്ങൾ ആത്മീയ സേവനം ചെയ്യാൻ ആഗ്രഹിക്കുന്നു. ആത്മീയ പിതാവ് ഞങ്ങളെ പഠിപ്പിക്കുകയാണ്. ക്രിസ്ത്യൻസ് പോലും പറയാറുണ്ട് ഞങ്ങളെ മോചിപ്പിക്കൂ, വഴികാട്ടിയാകൂ എന്നെല്ലാം. ഭാരതവാസികളേക്കാൾ അവർക്ക് നല്ല അറിവാണ്. നിങ്ങൾ കുട്ടികളിൽ വിവേകശാലികൾ ആരാണോ അവർക്ക് സേവനത്തിൽ വളരെ അധികം താല്പര്യം ഉണ്ടാകും. ഈശ്വരീയ സേവനത്തിലൂടെ വളരെ അധികം ലോട്ടറി ലഭിക്കണം എന്നത് മനസ്സിലാക്കുന്നുണ്ട്. ചിലർക്ക് ലോട്ടറി എന്താണ് എന്നതുപോലും അറിയില്ല. അവിടെ ചെന്നാലും ദാസ ദാസിമാരാകും. നല്ല ദാസിയായാലും മതി അല്ലെങ്കിൽ ചണ്ഢാലനായാലും മതി എന്നു മനസ്സിൽ കരുതുന്നു. സ്വർഗ്ഗത്തിൽ തീർച്ചയായും വരുമല്ലോ! അവരുടെ പെരുമാറ്റവും അങ്ങനെയുള്ളതാണെന്ന് കാണാൻ കഴിയും. നിങ്ങൾ മനസ്സിലാക്കുന്നുണ്ട് പരിധിയില്ലാത്ത ബാബ നമുക്ക് മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുകയാണ്. ഈ ദാദയും മനസ്സിലാക്കിത്തരും, ബാബ ഇവരിലൂടെ കുട്ടികളെ പഠിപ്പിക്കുകയാണ്. ചിലർ ഇതുപോലും മനസ്സിലാക്കുന്നില്ല. ഇവിടെ നിന്നു പുറത്തുപോയാൽ അവസാനിച്ചു. ഇവിടെ ഇരിക്കുമ്പോഴും ഒന്നും മനസ്സിലാക്കുന്നില്ല. ബുദ്ധി പുറത്ത് അലഞ്ഞ് ചതിയിൽ പെട്ടുകൊണ്ടിരിക്കുന്നു. ഒരു ഭൂതം പോലും പുറത്ത് പോകുന്നില്ല. പഠിപ്പിക്കുന്നത് ആരാണ്, ആരായാണ് മാറുന്നത്? ധനവാന്മാർക്കും ദാസ ദാസിമാരുണ്ടാകുമല്ലോ. ഇപ്പോഴും ധനവാന്മാരുടെ പക്കൽ എത്ര വേലക്കാരുണ്ടാകും. സേവനത്തിൽ പറന്നുകൊണ്ടിരിക്കണം. നിങ്ങൾ കുട്ടികൾ ശാന്തി സ്ഥാപനാർത്ഥം നിമിത്തമായിരിക്കുകയാണ്, വിശ്വത്തിൽ സുഖവും ശാന്തിയും സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. പ്രായോഗികമായി നിങ്ങൾക്ക് അറിയാം നമ്മൾ ശ്രീമതം അനുസരിച്ച് സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ്, ഇതിൽ ആരും അശാന്തരാവരുത്. ബാബ ഇവിടെയും ഇങ്ങനെയുള്ള നല്ല നല്ല വീടുകൾ കണ്ടിട്ടുണ്ട്. ഒരു വീട്ടിൽ 6–7 മരുമക്കൾ എത്ര സ്നേഹത്തോടെ വസിക്കുന്നു, തികഞ്ഞ ശാന്തിയുണ്ടാകും. പറയുമായിരുന്നു– ഞങ്ങൾക്ക് സ്വർഗ്ഗം തന്നെയാണ്. വഴക്കിന്റെ ഒരു കാര്യവുമില്ല. എല്ലാവരും ആജ്ഞാകാരികളാണ്, ആ സമയത്ത് ബാബയ്ക്കും സന്യാസ ചിന്തയായിരുന്നു. ലോകത്തോട് വൈരാഗ്യമുണ്ടായിരുന്നു. ഇപ്പോൾ ഇത് പരിധിയില്ലാത്ത വൈരാഗ്യമാണ്. ഒന്നും ഓർമ്മയിൽ വരരുത്. ബാബ പേരുകളെല്ലാം മറന്നുപോകും. കുട്ടികൾ ചോദിക്കും ബാബാ അങ്ങ് ഞങ്ങളെ ഓർമ്മിക്കുന്നുണ്ടോ? ബാബ പറയും നമുക്ക് എല്ലാവരേയും മറക്കുകയാണ് വേണ്ടത്. ഒന്നും ഓർമ്മിക്കരുത്. പരിധിയില്ലാത്ത വൈരാഗ്യമല്ലേ. എല്ലാവരേയും മറക്കണം. നമ്മൾ ഇവിടെ വസിക്കുന്നവരല്ലല്ലോ. ബാബ വന്നിരിക്കുന്നു– തന്റെ സ്വർഗ്ഗത്തിന്റെ സമ്പത്ത് നൽകാൻ. പരിധിയില്ലാത്ത ബാബ പറയുന്നു നിങ്ങൾ എന്നെ ഓർമ്മിക്കു എങ്കിൽ വിശ്വത്തിന്റെ അധികാരിയായി മാറും. ഈ ബാഡ്ജ് മനസ്സിലാക്കിക്കൊടുക്കുന്നതിന് വളരെ നല്ലതാണ്. ആരെങ്കിലും ആവശ്യപ്പെട്ടാൽ പറയൂ മനസ്സിലാക്കിയശേഷം എടുത്തോളൂ. ഈ ബാഡ്ജിനെ മനസ്സിലാക്കുന്നതിലൂടെ നിങ്ങൾക്ക് വിശ്വത്തിന്റെ ചക്രവർത്തീ പദവി നേടാൻ സാധിക്കും. ശിവബാബ ബ്രഹ്മാവിലൂടെ നിർദേശം നൽകുകയാണ് എന്നെ ഓർമ്മിക്കു എങ്കിൽ നിങ്ങൾ ഇതായി മാറും. ഗീത പഠിക്കുന്നവർ ആരാണോ അവർ ഇത് വളരെ നല്ലരീതിയിൽ മനസ്സിലാക്കും. ആരാണോ ദേവതാ ധർമ്മത്തിലുള്ളത് അവർ മനസ്സിലാക്കും. ചിലർ ചോദ്യം ചോദിക്കാറുണ്ട്– ദേവതകൾക്ക് എന്തുകൊണ്ടാണ് പതനം സംഭവിച്ചത്? ഹേയ്, ഈ ചക്രം കറങ്ങിക്കൊണ്ടിരിക്കുകയാണ്. പുനർജന്മം എടുത്ത് എടുത്ത് താഴേയിറങ്ങുമല്ലോ! ചക്രത്തിന് കറങ്ങുകതന്നെ വേണം. എനിക്ക് എന്തുകൊണ്ട് സേവനം ചെയ്തുകൂടാ എന്നത് ഓരോരുത്തരുടേയും മനസ്സിൽ തീർച്ചയായും വരും. തീർച്ചയായും എന്റെയുള്ളിൽ എന്തോ കുറവുണ്ട്. മായ

യുടെ ഭൂതങ്ങൾ മൂക്കിന് പിടിച്ചിരിക്കുകയാണ്.

ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട് നമുക്ക് ഇപ്പോൾ വീട്ടിലേയ്ക്ക് പോകണം പിന്നീട് പുതിയ ലോകത്തിൽ വന്ന് രാജ്യം ഭരിക്കും. നിങ്ങൾ യാത്രികരല്ലേ. ദൂരദേശത്തുനിന്ന് ഇവിടെ വന്ന് പാർട്ട് അഭിനയിക്കുന്നു. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ നമുക്ക് അമരലോകത്തിലേയ്ക്ക് പോകണം എന്നതുണ്ട്. ഈ മൃത്യുലോകം നശിക്കാനുള്ളതാണ്. ബാബ ധാരാളം മനസ്സിലാക്കിത്തരുന്നുണ്ട്. വളരെ നല്ലരീതിയിൽ ധാരണ ചെയ്യണം. പിന്നീട് ഇതിനെ അയവിറക്കണം. ബാബ ഇതും മനസ്സിലാക്കിത്തന്നിട്ടുണ്ട് കർമ്മഭോഗത്തിന്റെ രോഗങ്ങൾ ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കും. മായ ഉപദ്രവിച്ചുകൊണ്ടിരിക്കും പക്ഷേ ക്ഷീണിക്കരുത്. കുറച്ച് എന്തെങ്കിലും സംഭവിക്കുമ്പോഴേയ്ക്കും പേടിക്കുന്നു. അസുഖം വരുമ്പോൾ മനുഷ്യർ ഭഗവാനെ കൂടുതൽ ഓർമ്മിക്കുന്നു. ബംഗാളിൽ അഥവാ അസുഖം മൂർച്ഛിച്ചാൽ അവരോട് രാമ രാമാ എന്നു ജപിക്കാൻ പറയും. മരിക്കാൻ സമയമായെന്നു കണ്ടാൽ ഗംഗയിലേയ്ക്ക് കൊണ്ടുവന്ന് ഹരി എന്നു ജപിക്കാൻ പറയുന്നു പിന്നീട് അവരെ എടുത്തുകൊണ്ടുവന്ന് കത്തിക്കേണ്ട ആവശ്യമെന്താണ്. ഗംഗയിൽ ഇട്ടുകൂടേ. മത്സ്യത്തിന്റേയും കൂർമ്മത്തിന്റേയും ഇരയായിത്തീരും. ഉപകാരപ്പെടും. പാഴ്സികൾ ശരീരത്തെ സൂക്ഷിക്കുന്നു അപ്പോൾ അസ്ഥികളെങ്കിലും ഉപകാരപ്പെടും. ബാബ പറയുന്നു നിങ്ങൾ ബാക്കി എല്ലാ കാര്യങ്ങളും മറന്ന് എന്നെ ഓർമ്മിക്കു. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം –

1). ബന്ധനമുക്തരായി മാറി ഭാരതത്തിന്റെ സത്യമായ സേവനം ചെയ്യണം. ഉറപ്പിച്ച് മനസ്സിലാക്കിക്കൊടുക്കണം അതായത് ആത്മീയ പിതാവ് ഞങ്ങളെ പഠിപ്പിക്കുകയാണ്, ഞങ്ങൾ ഈശ്വരീയ സേവനത്തിലാണ്. ഈശ്വരീയ സേവനത്തിന്റെ ഉത്സാഹം വന്നുകൊണ്ടിരിക്കണം.

2). കർമ്മഭോഗിന്റെ രോഗങ്ങളിലും മായയുടെ കൊടുങ്കാറ്റുകളിലും ആശയക്കുഴപ്പത്തിലാവുകയോ അമ്പരക്കുകയോ ചെയ്യരുത്. ബാബ എന്ത് ജ്ഞാനമാണോ നൽകിയത് അത് അയവിറക്കി ബാബയുടെ ഓർമ്മയിൽ ഹർഷിതരായിരിക്കണം.

## വരദാനം – നിരാകാരിയും സാകാരിയും ഈ രണ്ടു രൂപങ്ങളുടെ ഓർമ്മ ചിഹ്നത്തെ വിധിപൂർവ്വം അംഗീകരിക്കുന്ന ശ്രേഷ്ഠ ആത്മാവായി ഭവിയ്ക്കട്ടെ.

ദീപാവലി അവിനാശിയായ അനേക തെളിഞ്ഞ ദീപങ്ങളുടെ ഓർമ്മചിഹ്നമാണ്. താങ്കൾ തിളങ്ങുന്ന ആത്മാക്കൾ ദീപത്തിന്റെ നാളത്തെ പോലെ കാണപ്പെടുന്നു. അതിനാൽ തിളങ്ങുന്ന ആത്മാക്കൾ ദിവ്യ ജ്യോതിയുടെ ഓർമ്മ ചിഹ്നമായി സ്ഥൂലമായ ദീപത്തിന്റെ ജ്യോതിയായി കാണിക്കുന്നു. ഒരു വശത്ത് നിരാകാരി ആത്മ രൂപത്തിന്റെ ഓർമ്മചിഹ്നം. രണ്ടാമത് താങ്കളുടെ തന്നെ ഭാവിയിലെ സാകാര ദിവ്യ സ്വരൂപം ലക്ഷ്മിയുടെ സ്വരൂപത്തിന്റെ ഓർമ്മ ചിഹ്നം. ഈ ദീപാവലി തന്നെയാണ്, ഭാവിയിലെ ദേവ പദവി പ്രാപ്തമാക്കുന്നത്. അപ്പോൾ താങ്കൾ ശ്രേഷ്ഠ ആത്മാക്കൾ തന്റെ ഓർമ്മ ചിഹ്നത്തെ സ്വയം ആഘോഷിക്കുകയാണ്.

## സ്ലോഗൻ – നെഗറ്റീവിനെ പോസിറ്റീവിലേക്ക് പരിവർത്തനപ്പെടുത്തുന്നതിനു വേണ്ടി തന്റെ ഭാവനകളെ ശുഭവും പരിധിയില്ലാത്തതുമാക്കി മാറ്റൂ.